## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2414**

09.03.2018-ലെ മറുപടി

### വർക്കല മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ജോയി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വർക്കല നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) തെറ്റിക്കുളം ബൂസ്റ്റർ പമ്പ് ഹൗസിൽ നിന്നും ചെമ്മരുതി പഞ്ചായത്തിലെ ടാങ്കിലേക്ക് 350 മീറ്റർ വ്യാസമുള്ള ഡി.ഐ. കെ.9 പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് 296. 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തിയ്ക്ക് 278 ലക്ഷം രൂപ യുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു .<br>എസ്.സി.പി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടി 98.13 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തികരിച്ച് കഴിഞ്ഞു. വരൾച്ച ദുരിതാശ്വാസവുമായി ബന്ധപ്പെട്ട 24.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തികരിച്ച് ജല വിതരണം സുഗമമാക്കിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കാട്ടുവിള പമ്പ് ഹൗസിൽ 4.18 ലക്ഷം രൂപയുടെ പമ്പ് സ്ഥാപിച്ച് എം.എൽ .എ ഫണ്ട് ഉപയോഗിച്ച് 65.31 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 61.92 ലക്ഷം രൂപയ്ക്ക് വർക്കല നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾക്ക് വേണ്ടി പൈപ്പ് ലൈൻ നീട്ടുന്നതിനും പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും വേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) വിവിധ ഫണ്ടുകൾ ഉപയോഗിച്ച്, എത്ര മീറ്റർ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ഗാർഹിക ആവശ്യത്തിനുള്ള വെള്ളമെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് 3950 മീറ്ററും എം.പി ഫണ്ട് ഉപയോഗിച്ച് 900 മീറ്ററും എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 3170 മീറ്ററും പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ഗാർഹിക ആവശ്യത്തിനുള്ള വെള്ളമെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് |

| | | |
|---|---|---|
| (സി) | ഭൂജലവകുപ്പ് വർക്കല മണ്ഡലത്തിൽ കുടിവെള്ളം നൽകുന്നതിന് ഏതെല്ലാം പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) ഭൂജലവകുപ്പ് വർക്കല മണ്ഡലത്തിൽ കുടിവെള്ളം നൽകുന്നതിന് 16 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 74 കുഴൽകിണർ കൈപമ്പുകൾ അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ